# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ T 617 — 09.02.2016 ൽ മറുപടിക്ക്

### ഡിജിറ്റൽ ഇന്ത്യാ പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ. എസ്.രാജേന്ദ്രൻ** | **ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി)** |
| (എ) കേന്ദ്ര സർക്കാരിന്റെ ഡിജിറ്റൽ ഇന്ത്യാ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് എന്തെല്ലാം നടപടികൾ സ്വീകരിക്കപ്പെട്ടിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ; | (എ) ഡിജിറ്റൽ ഇന്ത്യയുടെ ഭാഗമായി കേരള സർക്കാർ നടപ്പിലാക്കുന്ന ഡിജിറ്റൽ കേരള എന്ന പദ്ധതിയിൽ നിരവധി ഇ-ഗവേണൻസ് പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. ഡിജിറ്റൽ ഇന്ത്യ വിഭാവനം ചെയ്ത എല്ലാവർക്കും അടിസ്ഥാന സൗകര്യമായി ഇന്റർനെറ്റ് ലഭ്യമാക്കുക, ഭരണ നിർവഹണവും സേവനവും പൊതുജനത്തിന്റെ അവകാശമാക്കുക, ഡിജിറ്റൽ സേവനങ്ങൾ പ്രയോജനപ്പെടുത്തുന്നതിലേക്കായി എല്ലാവർക്കും ഡിജിറ്റൽ ശാക്തീകരണം നൽകുക എന്നിവയാണ് പ്രധാന ലക്ഷ്യം. ഡിജിറ്റൽ കേരളയുടെ ഭാഗമായി ഇ-ഡിസ്ട്രിക്റ്റ്, ഇ-ഓഫീസ്, ഇ-സംഭരണം, ആധാർ, തുടങ്ങി വിവിധ ഇ ഗവേണൻസ് പദ്ധതികൾ ആസൂത്രണം ചെയ്ത് സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. ഇന്റർനെറ്റ് കണക്റ്റിവിറ്റി സ്ഥാപിക്കുന്നതിനായി NOFN, Bharatnet, public Wi-Fi hotspot സ്ഥാപിക്കൽ തുടങ്ങിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>വാണിജ്യനികുതി, വിദ്യാഭ്യാസം, മോട്ടോർ വാഹനം, റവന്യൂ, തദ്ദേശ സ്വയം ഭരണം, ട്രഷറി, പൊതു വിതരണം, കേരള പോലീസ്, സർവ്വേ , ആരോഗ്യം, കൃഷി, രജിസ്ട്രേഷൻ തുടങ്ങിയ വകുപ്പുകളിൽ ഓൺലൈൻ |

ആയി സേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള പദ്ധതികൾ ഡിജിറ്റൽ കേരളയുടെ ഭാഗമായി നടപ്പിലാക്കി വരുന്നു. സ്റ്റാർട്ട് അപ് സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി കേരള ടെക്നോളജി സ്റ്റാർട്ട് അപ് പോളിസിക്ക് രൂപം നൽകുകയും അതനുസരിച്ച് നിരവധി പദ്ധതികൾ നടപ്പിലാക്കി വരുകയും ചെയ്യുന്നുണ്ട്. ഡിജിറ്റൽ എനേബ്ലിംഗിന്റെ ( e-literacy) ഭാഗമായി സ്റ്റുഡന്റ്സ് പോലീസ് കേഡറ്റുകളുടെ സഹായത്തോടെ ഡിജിറ്റൽ സാക്ഷരത കൈവരിക്കുന്നതിനായി ഒരു പൈലറ്റ് പദ്ധതി തിരുവനന്തപുരം ജില്ലയിൽ നടപ്പിലാക്കി. അടുത്ത സാമ്പത്തിക വർഷം ഇതു മറ്റു ജില്ലകളിലേക്കു കൂടി വ്യാപിക്കുന്നതാണ്.

(ബി) ഡിജിറ്റൽ ഇന്ത്യാ പദ്ധതി പ്രകാരം സംസ്ഥാനത്തിന്റെ ഭരണ നിർവ്വഹണ രംഗത്ത് എന്തെങ്കിലും മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

(ബി) ഡിജിറ്റൽ കേരള പദ്ധതി സംസ്ഥാനം നടപ്പിലാക്കുന്ന സാഹചര്യത്തിൽ ഡിജിറ്റൽ ഇന്ത്യക്ക് വേണ്ടി ഭരണ നിർവ്വഹണ രംഗത്ത് പ്രത്യേകിച്ച് മാറ്റം വരുത്തേണ്ട സാഹചര്യമില്ല.

Sefain

സെക്ഷൻ ഓഫീസർ